കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

**കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2189/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി : 13.03.2020
Phone No : 0471-2331231
Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**
**കള്ളിക്കാട് ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2189/2020 തീയതി: 13.03.2020

<u>തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചയത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്</u>.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ **കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപേക്ഷകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :** | **ശ്രീ എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം :** | **25.11.2019 മുതൽ 30.11.2019 വരെ** |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | : | **ശ്രീമതി.സിന്ധുലബീവി.എം. ഓഡിറ്റ് ഓഫീസർ** |
| | : | **ശ്രീ.അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ** |
| | | **ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ** |

| | | |
|---|---|---|
| | | ശ്രീ.കോസലരാമദാസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കിരൺ.കെ.എസ്, ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. സാനുമതി.എൽ<br>ശ്രീമതി.ജെ.ആർ.അജിത | 01.04.2018മുതൽ 31.05.2018വരെ<br>01.06.2015 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീമതി എം.നൂർജഹാൻ<br>ശ്രീ.ജി.എൻ.ഹരികുമാർ | 01.04.2018 മുതൽ 22.06.2018വരെ<br>23.06.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, മേൽവിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സജീനബീവി.ജെ,<br>ഷഹന കോട്ടേജ്<br>സി.പി.റ്റി ജംഗ്ഷൻ<br>നെട്ടയം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.അജോഷ്, തമ്പി.റ്റി.എസ്<br>തറയ്യിൽ ഷാലിമാർ<br>ചാരുംമൂട്.പി.ഒ | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജാക്വലിൻ.എ<br>പല്ലവി, റ്റി.സി 64/108(2)<br>നരിപ്പിൽ ലൈൻ<br>പാപ്പനംകോട് പി.ഒ | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാധിക, റാണി.എ.എസ്<br>സുധാ ഭവൻ,<br>അക്കരത്തിൻവിള<br>ബാലരാമപുരം.പി.ഒ | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.സജിത്ത്കുമാർ<br>ആരാമം<br>അമ്പലത്തിൻകാല<br>കാട്ടാക്കട | 01.04.2018 മുതൽ 31.03.2019വരെ |
| എച്ച്.എം. | ശ്രീ.അനീഷ്. | 01.04.2018 മുതൽ |

| | | |
|---|---|---|
| ട്രൈബൽ.എൽ.പി.എസ്. | സ്വർഗ്ഗം<br>അടുമങ്ങാട്,പരശുവക്കൽ പി.ഒ<br>(ചാർജ്ജ്)<br>ശ്രീമതി.ഗീത.ആർ<br>സൗപർണ്ണിക<br>റ്റി.സി 18/54(1)<br>അലപ്പുറം ലൈൻ<br>തിരുമല.പി.ഒ | 31.05.2018വരെ<br>01.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ലാൻസി റാണി<br>എസ്.എൽ ഭവൻ<br>പ്ലാവൂർ,ആമച്ചൽ.പി.ഒ | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാധിക.എസ്.ആർ,<br>രാധിക ഭവൻ, പള്ളിമുക്ക്, പേയാട്<br>ശ്രീ.സമ്പത്ത് മോഹൻ,<br>സോപാനം, ഊരൂട്ടമ്പലം<br>ശ്രീമതി.രാധിക.എസ്.ആർ,<br>രാധിക ഭവൻ<br>പള്ളിമുക്ക്, പേയാട്<br>ശ്രീ.സമ്പത്ത് മോഹൻ,<br>സോപാനം,ഊരൂട്ടമ്പലം | 01.04.2018 മുതൽ<br>24.10.2018 വരെ<br>25.10.2018 മുതൽ 14.11.2018 വരെ<br>15.11.2018 മുതൽ<br>27.1.2019വരെ<br>28.01.2019 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനിൽ.കെ<br>സാനീഡ, വഴൂർ.പി.ഒ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയശ്രീ,<br>നീതുശ്രീ,ശാന്തിവിള, നേമം.പി.ഒ | 01.04.2018 മുതൽ 31.03.2019വരെ |

**<u>ഉള്ളടക്കം</u>**


| | ഭാഗം 1 | | |
|---|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| | | | |

| | | | |
|---|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് പരിശോധന | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | ബജറ്റ് വകയിരുത്തലിനു അധികമായി ചെലവ് നടത്തി | 1-12 | |
| 13 | **തൊഴിൽനികുതി - അപാകതകൾ** | 1-13 | |
| 14 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 | |
| 15 | ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-15 | |
| 16 | FACTEOS- മുഴുവൻ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ് | 1-16 | |
| 17 | വസ്തു നികുതി -അപാകതകൾ | 1-17 | |
| 18 | വസ്തുനികുതി സാംഖ്യാ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയസോഫ്റ്റ് വെയറിൽ മാറ്റം വരുന്നില്ല | 1-18 | |
| 19 | റേഷൻ കടകളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ് | 1-19 | |
| 20 | വാഹന വാടക - നിയമാനുസൃതമല്ലാതെ വാഹനം ഉപയോഗിച്ചു | 1-20 | |
| 21 | സർവീസ് ബുക്ക് പരിശോധന അപാകങ്ങൾ | 1-21 | |
| 22 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - ഫൈനൽ ബിൽ, വിനിയോഗിക്കാത്ത തുക ലഭിച്ചില്ല | 1-22 | |
| 23 | ഐടി ഉപകരണങ്ങൾ വാങ്ങൽ - പർച്ചേസ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 1-23 | |
| 24 | അഡ്രസിംഗ് സിസ്റ്റം - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർണമായും ചെയ്യാതിരുന്നിട്ടും മുഴുവൻ തുകയും കൈമാറി - 276450/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-24 | |
| 25 | ടെലഫോൺ അലവൻസ് അധികമായി നൽകി. | 1-25 | |
| 26 | യാത്ര ബത്ത - ചട്ട വിരുദ്ധമായി അനുവദിച്ചു - 475770/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 | |
| 27 | ആസ്തി സംരക്ഷണം | 1-27 | |
| 28 | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം. | 1-28 | |
| 29 | കരാർ കാലാവധി ദീർഘിപ്പിക്കൽ - പിഴ ഈടാക്കിയില്ല. | 1-29 | |
| 30 | ബിൽ തുകയിൽ നിന്നും ടെന്റർ കിഴിവ് കുറച്ചില്ല. | 1-30 | |
| 31 | വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല. 297000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 | |

| | | | |
|---|---|---|---|
| 32 | ലൈഫ് ഭവന പദ്ധതി – അവലോകനം | 1-32 | |
| 33 | മാലിന്യ സംസ്കരണം - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-33 | |
| 34 | "വെബ് ജി.എെ.എസ് ബേഡ്സ് ലാൻഡ് റിസോർസ് സപ്പോർട്ട് സിസ്റ്റം" പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 1-34 | |
| 35 | സ്പീച്ച് ബിഹേവിയർ, ഓക്കുപ്പേഷൻ തെറാപ്പി - 15,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 | |
| 36 | കാർഷിക പദ്ധതികൾ – ഒരു അവലോകനം | 1-36 | |
| 37 | കായിക വികസനം പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല – 119700/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 | |
| 38 | ജാഗ്രതാസമിതി പ്രവർത്തനം നിഷ് ക്രിയം | 1-38 | |
| 39 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-39 | |
| | <u>ഭാഗം 2</u> | | |
| | ***വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ*** | | |
| 40 | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം - തുക ഈടാക്കേണ്ടതാണ് | 2-1 | |
| 41 | കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല-നഷ്ടം | 2-2 | |
| | <u>ഭാഗം 3</u> | | |
| | ***ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ*** | | |
| 42 | വാഹന വാടക - 35800/- രൂപ നിരാകരിക്കുന്നു. | 3-1 | |
| 43 | ടെലഫോൺ അലവൻസ് അധികമായി നൽകിയ 3204/- രൂപ നിരാകരിക്കുന്നു. | 3-2 | |
| 44 | പി.എച്ച്.സി റീ വയറിംഗ് ടെന്റർ കിഴിവ് കുറയ്ക്കാതെ തുക നൽകി – 1500/- രൂപ നിരാകരിക്കുന്നു. | 3-3 | |
| | ഭാഗം - 4 | | |
| | ***പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും*** | | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 | |
| 46 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-5 | |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 51 | ഓഡിറ്റ് റിക്കവറി | 4-7 | |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 | |
| 53 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 | |

| | | | |
|---|---|---|---|
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

**23.03.2018-ാംതീയതിയിലെ 1(1)ാം തീരുമാന പ്രകാരം അംഗീകരിച്ചു.**

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 02.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 2282998 |
| വരവ് | | 79671779 |
| ആകെ | | 81954777 |
| ചെലവ് | | 77062595 |
| നീക്കിയിരിപ്പ് | | 4892182 |

## 1-4 ഫണ്ട് വിനിയോഗം

എസ്.ബി.ഐ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ തെറ്റായാണ് നടത്തിയിരിക്കുന്നത്. മറ്റ് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 16559630 | 16559630 | 16559630 | 0 |
| എസ്.സി.പി | 0 | 1584385 | 1584385 | 1584385 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി | 0 | 1388750 | 1388750 | 1388750 | 0 |
| സി.എഫ്.സി | 0 | 7800782 | 7800782 | 7800782 | 0 |
| മെ. റോഡ് | 0 | 20735473 | 20735473 | 20735473 | 0 |
| മെ. റോഡിതരം | 0 | 3439000 | 3439000 | 3439000 | 0 |
| ബി ഫണ്ട് | 0 | 464280 | 464280 | 464280 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് (ഫെഡറൽ ബാങ്ക്)(*) | 40567 | 1812634 | 1853201 | 1839249 | 13952 |
| ട്രെഷറി-ജോയിന്റ് വെൻച്വർ (*1) | 0 | 2940535 | 2940535 | 2383192 | 557343 |
| ട്രെഷറി- റ്റി.എസ്.ബി (*2) | 158600 | 8920393 | 9078993 | 8013753 | 1065240 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് | 21867 | 10254 | 32121 | 649 | 31472 |
| എസ്.സി.ബി - 668 | 181537 | 439123 | 620660 | 94899 | 525761 |
| എസ്.ബി.ഐ (*3) | 1767029 | 13576540 | 15302663 | 12645155 | 2657508 |
| ക്യാഷ് | 113398 | 40906 | 154304 | 113398 | 40906 |

(*) 100 days employees allowance ഇനത്തിൽ 925000/- രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നു. ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവ്-1835593/-, നീക്കിയിരിപ്പ്- 17608/-

(*1) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് -1863255/- (2017-18 ൽ ലഭിച്ച 275000/- രൂപ 2018-19ലെ വാർഷികധനകാര്യപത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്) .

ജില്ലാ പഞ്ചായത്ത് വിഹിതം വരവ് - 897040/-

(ട്രെഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 290990/- രൂപ Redumption amount തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് ധനകാര്യപത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല)

(*2) ജനറൽ പർപ്പസ് ഫണ്ട് വരവ്-6005554/-

ഐ.സി.ഡി.എസ് വരവ്- 419869/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് - 514762/-

(*3) കെ.യു.ആർ.ഡി.എഫ്.സി. ലോൺ വരവ് - 5814687/-

ജില്ലാ പഞ്ചായത്ത് വിഹിതം വരവ് - 883351/-

ശുചിത്വമിഷൻ വരവ് - 1319255/-

സാക്ഷരത വരവ് - 58916/-

വരമുക്തി വരവ് - 25000/-

ഭീമ ഗ്രാം ഇൻസെൻറ്റീവ് വരവ് - 25000/-

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 102542594 | 168 | 61040351 | -- | 22 | 88 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

**ഇല്ല.**

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ(*1) | 40567 | 887634 | 928201 | 914249 | 13952 |
| | 0 | 81216000 | 81216000 | 81216000 | 0 |
| **ആകെ** | **40567** | **82103634** | **82144201** | **82130249** | **13952** |

100 days employees allowance ഇനത്തിൽ RP-7 പ്രകാരം 925000/- രൂപ വന്നത് RP -19 പ്രകാരം ചെലവായിട്ടുണ്ട്. പ്രസ്തുത തുക ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**(*1)** ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവ് – 910593/-, നീക്കിയിരിപ്പ് - 17608/-.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 344280 | 230 |
| കർഷകതൊഴിലാളി പെൻഷൻ | 3617200 | 300 |
| വിധവാപെൻഷൻ | 10531700 | 895 |
| വാർദ്ധക്യകാലപെൻഷൻ | 10909900 | 1120 |
| വികലാംഗപെൻഷൻ | 2842100 | 249 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 132000 | 11 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2019 11.30 AM-ന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1144/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

**പ്രധാന അപാകങ്ങൾ**

- വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടില്ല. മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

- പദ്ധതി നമ്പർ 202 പ്രകാരം അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം സർക്കാർ അക്കൗണ്ട് ഹെഡിൽ അടക്കാൻ നിർദേശിച്ചിരുന്നെങ്കിലും സർക്കാരിന്റെ മറ്റൊരു മൈനർ ഹെഡിൽ ആണ് അടച്ചത്.

- ഫെബ്രുവരി 2019 ൽ 688586/-രൂപ വാട്ടർ ചാർജ് ഇനത്തിൽ കുടിശ്ശികയുണ്ട്. ഓരോ മാസവും 12000/- രൂപയിലധികം പിഴ ഇനത്തിൽ ചാർജ് വരുന്നുണ്ട്. 2018-19 വർഷത്തിൽ മാത്രം 1,44,000/- രൂപ പിഴയിനത്തിൽ ചാർജ് വന്നു. ഇപ്രകാരം കുടിശ്ശിക യഥാസമയം അടക്കാതിരിക്കുന്നതിനാലാണ് ഇത്രയും തുക കുടിശ്ശികയായി നിൽക്കുന്നത്. കുടിശ്ശിക അടയ്ക്കുന്നതിനു പകരം ഓരോ മാസത്തേയും ചാർജ് അടവാക്കി വരുന്നു.

- തെരുവുവിളക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ഓരോ പദ്ധതി പ്രകാരം വാങ്ങിയ തെരുവുവിളക്കുകളുടെ എണ്ണം, ഉപയോഗിച്ച തെരുവുവിളക്കുകളുടെ എണ്ണം എന്നിവ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2019 | 4/18 to 11/18 | 05.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2013 | 2007-08 to 2011-12 | ലഭ്യമായില്ല |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ.ഡി.ജി.പി.2/1105/19 തീയതി 19.08.2019 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. Redemption തുക 290990/- രൂപ 07.04.2018-ൽ തിരികെ ലഭിച്ചത് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2. ബ്ലോക്ക് വിഹിതം - ചെലവഴിക്കാത്ത തുക വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളത് (239401/-) ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി (514401/-) പൊരുത്തപ്പെടുന്നില്ല.

3. മറ്റ് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. ഇ-പേയ്മെന്റ് കൂടാതെ തനത് ഫണ്ടിന് മൂന്ന് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

5. നിക്ഷേപപ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത തുക - വാർഷിക ധനകാര്യ പത്രികയും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | എ.എഫ്.എസ് പ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരം |
|---|---|---|
| KWA | 2773486 | 2534895 |
| KSEB | 169550 | 31800 |

# 1-12 ബജറ്റ് വകയിരുത്തലിനു അധികമായി ചെലവ് നടത്തി

2018-19 ബജറ്റ് സംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 & 2 പ്രകാരം ബജറ്റ് പ്രൊപോസൽ സമർപ്പിച്ചിട്ടില്ല.
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3 & 4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല.
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനും തയ്യാറായിട്ടില്ല.

- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല
- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തതിട്ടില്ല.

**(a)വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി**

കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തുന്നത്. എന്നാൽ ഇവിടെ മുൻവർഷങ്ങളിൽ സാധാരണയായി ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കി.

| ഇനം | 2016-17 ലെ വരവ് (ലക്ഷത്തിൽ) | 2017-18 ലെ വരവ് (ലക്ഷത്തിൽ) | 2017-18 ലെ ബഡ്ജറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| Property Tax | 20.43 | 24.07 | 50 |
| Profession Tax | 14.1 | 14.36 | 30 |
| Rent | 0.48 | 0.51 | 1.45 |

**(b) പരിധിയിൽ കൂടുതൽ സേവിങ്സ്**

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തു.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവ് (%) |
|---|---|---|---|
| മണ്ണ് / ജലസേചനം | 7 | 0.62 | 8.85 |
| പ്രൈമറി വിദ്യാഭ്യാസം | 10 | - | 0 |
| യുവജന ക്ഷേമം | 1.25 | - | 0 |
| ആശ്രയ | 5 | - | 0 |

©<u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു.</u>

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു.

| ഹെഡ് കോഡ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| 2102005 | 340000 | 475770 | 135770 |
| 2102001 | 150000 | 220820 | 70820 |
| 2102002 | 6000 | 33700 | 27700 |
| 2201001 | - | 39100 | 39100 |
| 2206001 | 50000 | 109963 | 59963 |

കേരളം പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214, കേരളം പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബഡ്ജറ്റോ പുതുക്കിയ ബഡ്ജറ്റോ പാസ്സാക്കേണ്ടതാണ്. എന്നാൽ ഇവിടെ മേല്പറഞ്ഞ ചെലവ് നടത്തിയതിനു ശേഷം ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ബജറ്റ് വകയിരുത്തലിൽ അധികമായി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-13 തൊഴിൽനികുതി - അപാകതകൾ

<u>I) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററുകൾ യഥാവിധി തയാറാക്കി സൂക്ഷിക്കുന്നില്ല. കൂടാതെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ നൽകുന്ന സ്റ്റേറ്റ്മെന്റ് കൃത്യമായി സൂക്ഷിക്കുന്നില്ല. ഭിന്ന ശേഷിക്കാരായ ജീവനക്കർക്ക് തൊഴിൽ നികുതി ഒഴിവാക്കുന്ന സാഹചര്യത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പാക്കുന്നില്ല.

II) <u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

**(a)** പൗരാവകാശരേഖപ്രകാരം ഗ്രാമപഞ്ചായത്തിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതിയോ, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയോ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്
2. ചിന്താലയ കമ്പ്യൂട്ടർ സെന്റർ, കള്ളിക്കാട്
3. ഐ.റ്റി.ഐ കമ്പ്യൂട്ടർ സെന്റർ കള്ളിക്കാട്
4. നെയ്യാർ മത്സ്യക്ലബ്
5. പി.കെ.വി.സ്മാരക ലൈബ്രറി
6. കുടുംബശ്രീ സി.ഡി.എസ് സെന്റർ (അക്കൗണ്ടന്റ് ഒഴികെയുള്ളവർ)

മേൽ സ്ഥാപനങ്ങളിൽ നിന്നും വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**(b)** ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം | ഈടാക്കാത്തതിനുള്ള കാരണമായി ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി |
|---|---|---|
| അക്ഷയ സെന്റർ കള്ളിക്കാട് | I, II | സ്ഥാപനത്തിൽ 60 ദിവസത്തിലധികം ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരില്ലായെന്ന് അക്ഷയസെന്ററിൽ നിന്ന് അറിയിച്ചതായി മറുപടി നൽകി (കത്ത് മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല). |
| മങ്കാരമുട്ടം ശിവക്ഷേത്രം ദേവസ്വം | I | 2017-18 ലെ ഓഡിറ്റ് സമയത്ത് ചൂണ്ടിക്കാട്ടിയതുപ്രകാരം രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു |
| ജി.എസ്.എൻ കൺവെൻഷൻ സെന്റർ | I | മറുപടി ലഭ്യമാക്കിയില്ല |
| ബയോവേദ ഹിൽ റിസോർട്ട് | I | |
| ആർ.പി.എസ് മിനി ഹാൾ | I | |

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അനിവാര്യമാണ്.

**III) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന സ്ഥപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപങ്ങൾ 2018-19 വർഷം സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| കിക്മാ കോളേജ് | I |
| അക്ഷയ സെന്റർ, കള്ളിക്കാട് | I, II |
| ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I |
| രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് | I, II |
| ബയോവേദ ഹിൽ റിസോർട്ട് | I |
| ആർ.പി.എസ് മിനി ഹാൾ | I |

കടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-14 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 ൽ കള്ളിക്കാട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം.4-ലെ കടയുടമ ശ്രീഷിബു.എം, ചാമവിളപ്പുറത്ത്, മൈലക്കര.പി.ഒ-യിൽ നിന്നും 10 മാസത്തെ

വാടകകുടിശ്ശിക 14440/-രൂപ (1444 X 10) ലഭിക്കാനുണ്ട്. കൂടാതെ വാർഷിക ധനകാര്യപത്രിക/ രജിസ്റ്റർ പ്രകാരം 2014-15 ലെ വാടക കുടിശ്ശികയിനത്തിൽ 85199/- രൂപയും ലഭിക്കാനുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടിയായി ശ്രീ.ഷിബുവിൽ നിന്നും കുടിശ്ശിക ഈടാക്കാൻ റവന്യൂറിക്കവറിക്ക് നല്കിയിട്ടുണ്ടെന്നും, 2014-15-ലെ കുടിശ്ശികതുക ഈടാക്കാൻ റവന്യൂറിക്കവറി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കിയതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

# 1-15 ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല

വാർഷികധനകാര്യപത്രിക പ്രകാരം മാർക്കറ്റ് രസീപ്റ്റ് - കുടിശ്ശികയിനത്തിൽ 139000/- രൂപ ലഭിക്കാനുണ്ട്. 2017-18 വർഷവും ആയത് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.11) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-16 FACTEOS- മുഴുവൻ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ എല്ലാസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 145 വ്യാപാര -വ്യവസായ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ളത്. ഇതിൽ 119 സ്ഥാപനങ്ങൾക്ക് മാത്രമേ 2018-19 ൽ ലൈസൻസ് നൽകിയിട്ടുള്ളു. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 682 കെട്ടിടങ്ങൾ വ്യാപാര -വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# 1-17 വസ്തു നികുതി -അപാകതകൾ

**a) <u>വസ്തു നികുതിയിൽ മേലുള്ള വർദ്ധനവുകൾ ഒഴിവാക്കുന്നു.</u>**

ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച പെർമിറ്റ് ഫയലുകളിലെ Approved Building Plan-ൽ 5 മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യമുള്ള കെട്ടിടങ്ങളെ നമ്പറിംഗിന് ശേഷം സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ താഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിരിക്കുന്നു.

5 മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ടുന്ന വർദ്ധനവ് നൽകാതെ ഗണം മാറ്റി നൽകിയതിലൂടെ ഈടാക്കുവാൻ കഴിഞ്ഞില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ്/ ഡോർ നം. | പ്ലാനിലെ വഴിയുടെ വീതി | സഞ്ചയയിൽ നൽകിയിരിക്കുന്നത് |
|---|---|---|---|---|
| 1 | എൽ.ബൈജു | 5/402 | 8 മീറ്റർ | 1.5 മീറ്ററിൽ കൂടുതൽ |
| 2 | എൻ.ബാലൻ | 8/425 | 10 മീറ്റർ | 1.5 മീറ്ററിൽ കൂടുതൽ |
| | | 8/424 | 10 മീറ്റർ | 1.5 മീറ്ററിൽ കൂടുതൽ |
| 3 | റ്റി.ജെ.സാമുവൽ/ എ.രാജൻ | 9/455 | 8 മീറ്റർ | 1.5 മീറ്ററിൽ കൂടുതൽ |
| 4 | സി.തുളസീധരൻ | 5/248A | 10 മീറ്റർ | 1.5 മീറ്ററിൽ കൂടുതൽ |

കെട്ടിട ഉടമകളിൽ നിന്നും വാങ്ങുന്ന കെട്ടിട നികുതി നിർണയ റിട്ടേണിന്മേൽ പഞ്ചായത്തധികൃതർ പരിശോധന നടത്താതെ ഫോം 6 (നികുതി നിർണ്ണയം) തയ്യാറാക്കുന്നതുമൂലം വസ്തു നികുതിയിന്മേൽ കുറവ് സംഭവിക്കുവാനിടയാകുന്നു. ആയതിനാൽ നികുതി നിർണയിക്കുമ്പോൾ വർദ്ധനവുകളും ഇളവുകളും ചട്ടപ്രകാരം കൃത്യമാണെന്നു ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

b) <u>കെട്ടിട വിസ്തീർണ്ണം – പ്ലാനും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.</u>

ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ പ്ലാനുകളിൽ ഉള്ള വിസ്തീർണ്ണവും ടി കെട്ടിടങ്ങളുടെ സഞ്ചയയിലെ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം. | പേര് | വാർഡ്/ഡോർ നം. | പ്ലാനിലെ വിസ്തീർണ്ണം | സഞ്ചയയിൽ നൽകിയിരിക്കുന്നത് |
|---|---|---|---|---|
| 1 | പ്രദീപ് ടൈറ്റസ് | 7/495 | 204.32 ച.മീ | 293.68 ച.മീ |
| 2 | അനീഷ്.എസ് | 6/389 | 164.14 ച.മീ | 180.10 ച.മീ |
| 3 | സനിൽകെ.എസ് | 6/18 (U/A) | 82 ച.മീ | 100 ച.മീ |

c) <u>മൊബൈൽ ടവറിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 6/341-ാം നമ്പർ മൊബൈൽ ടെലഫോൺ ടവറിന്റെ വസ്തു നികുതി ഇനത്തിൽ 2013/14 സാമ്പത്തിക വർഷം മുതൽ 2018/19 വരെ 49,386/- രൂപ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം നികുതിയിൽ നിന്നും ഒഴിവാകുന്നതിനായി 16.03.2018 ൽ (സഞ്ചയ പ്രകാരം) അപേക്ഷ നൽകുകയും പഞ്ചായത്ത് നികുതി ഒഴിവാക്കികൊടുക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ 2013/14 സാമ്പത്തിക വർഷം മുതൽ 2017-18 വരെയുള്ള കുടിശ്ശിക ഈടാക്കിയതിനു ശേഷം മാത്രമേ നികുതിയിൽ നിന്നും ഒഴിവാക്കാവൂ. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അത്തരത്തിലുള്ള നടപടിയല്ല സ്വീകരിച്ചിട്ടുള്ളത്. തുടർ നടപടി സ്വീകരിച്ചതിനു ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വസ്തുനികുതി സാംഖ്യാ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയസോഫ്റ്റ് വെയറിൽ മാറ്റം വരുന്നില്ല

വസ്തുനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട സാംഖ്യാ രസീത് ക്യാൻസൽ ചെയതിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രസീത് പ്രകാരമുള്ള വരവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ കളക്ഷനായി വന്നിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് നം/കെട്ടിട നം | രസീത് നം/ തീയതി | രസീത് തുക |
|---|---|---|---|---|
| 1 | കുട്ടപ്പൻ | 11/418 | 118020101510/13.11.2018 | 1500/- |
| 2 | കെ.ഗോപി | 4/362 | 118020100748/06.08.18 | 379/- |
| 3 | രാജേന്ദ്രൻ | 4/383 | 118020101739/28.11.18 | 130/- |
| 4 | രാജേന്ദ്രൻ | 4/382 | 118020101740/28.11.18 | 130/- |
| 5 | വിജയകുമാർ | 6/376 | 118020102275/04.2.19 | 488 |

പ്രസ്തുത അപാകത പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 റേഷൻ കടകളിൽ നിന്നും നികുതി

# ഈടാക്കേണ്ടതാണ്

22.01.2018-ലെ (സി.എസ്.)എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നുംഒഴിവാക്കുവാനാവില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകളുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയോ, ലൈസൻസ് ഫീസോ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 വാഹന വാടക - നിയമാനുസൃതമല്ലാത്ത വാഹനം ഉപയോഗിച്ചു.

പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട വൗച്ചർ പരിശോധിച്ചതിൽ 35800/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദാംശം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-21 സർവീസ് ബുക്ക് പരിശോധന അപാകങ്ങൾ

- താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് ആർജിത അവധി കണക്കാക്കിയപ്പോൾ അവധിയിലായിരുന്ന കാലയളവ് കൂടെ കണക്കിലെടുത്തു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് | അവധിയിൽ ആയ കാലയളവ് |
|---|---|---|
| 1 | രാജേഷ് ആർ.വി | 21.08.2014 - 27.08.2014 |
| 2 | സന്തോഷ് കുമാർ | 01.12.2018, 11.02.2018 – 14.02.2018 |
| 3 | പ്രഭാത് | 11.12.2012 – 05.01.2013<br>29.04.2013 – 04.05.2013<br>30.08.2016 – 06.09.2018 |

- ദീപ.എൽ എന്ന ഉദ്യോഗസ്ഥയ്ക്ക് 13.12.2011 മുതൽ 12.12.2013 വരെയുള്ള 2 വർഷത്തേക്ക് 60 അർദ്ധവേതനാവധി ക്രെഡിറ്റ് ചെയ്തു.

- രമ്യ എന്ന ഉദ്യോഗസ്ഥയുടെ ആർജ്ജിത അവധി അക്കൗണ്ടിൽ ഒന്നാംവർഷം 1/22 വെച്ച് കണക്കാക്കി എങ്കിലും റൗണ്ട് ചെയ്യാതെ തുടർന്ന 1/22 വരുന്ന രീതിയിൽ തെറ്റായി കണക്കുകൂട്ടി.

- അശ്വതി.എൽ എന്ന ഉദ്യോഗസ്ഥ 13.11.2017-ൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചെങ്കിലും നാളിതുവരെ ആദ്യ ഇൻക്രിമെന്റ് നൽകിയിട്ടില്ല.
- ചട്ടപ്രകാരം ജീവനക്കാരുടെ സേവന കാലയളവ് വാർഷികമായി പരിശോധിച്ച് ആയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

മേൽപ്പറഞ്ഞ സംഗതികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/29.10.2019) മറുപടി ലഭിച്ചില്ല മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗിക്കാത്ത തുക ലഭിച്ചില്ല

പദ്ധതി നമ്പർ : 125/2018

അടങ്കൽ : 1560000

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ 15,60,000/-രൂപ നിക്ഷേപിക്കുകയും ആയതിന് 13,31,931/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തു എന്നാൽ ബാക്കി തുകയായ 228069/-രൂപ ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/27.11.2019) മേൽപറഞ്ഞ തുക ഉപയോഗപ്പെടുത്തുന്നതിന് ആയി മറ്റൊരു നിക്ഷേപ പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി സൂക്ഷിച്ചിരിക്കുന്നു എന്നും ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് മുതലായ വിവരങ്ങൾ വാങ്ങി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചു. ഏതൊക്കെ നിക്ഷേപ പ്രവൃത്തികൾക്കാണ് തുക ഉപയോഗപ്പെടുത്തുന്നതിന് നൽകിയെന്ന വിവരവും ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

# 1-23 ഐടി ഉപകരണങ്ങൾ വാങ്ങൽ - പർച്ചേസ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല -

# സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

**എ) <u>MGNREGS ഓഫീസിന് യുപിഎസ് വാങ്ങൽ</u>**

പദ്ധതി നമ്പർ : 197/19

അടങ്കൽ: 49500

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

- MGNREGS ഓഫീസിന് യുപിഎസ് വാങ്ങുന്നതിന് ആണ് പദ്ധതി തയ്യാറാക്കിയത് ഇതിനായി ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും യുപിഎസ്, 3 ട്യൂബുലാർ ബാറ്ററി എന്നിവ വാങ്ങുകയും ചെയ്തു.
    - ടെൻഡർ പ്രകാരം 'LUMENS' കമ്പനിയുടെ യുപിഎസ് ആണ് ക്വാട്ട് ചെയ്തതെങ്കിലും 'DIGITAL HOME' എന്ന കമ്പനിയുടെ യുപിഎസ് ആണ് ലഭിച്ചത് .
    - ഓഫീസിൽ ആകെ ലാപ്ടോപ് ഉൾപ്പെടെ നാല് കമ്പ്യൂട്ടറുകൾ മാത്രമാണുള്ളത്. എന്നാൽ ഇതിനായി ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള 3 KVA യുപിഎസ് ആണ് വാങ്ങിയിരിക്കുന്നത്.
    - 3 ബാറ്ററി വാങ്ങിയിരിക്കുന്നത് കാലടിയിൽ ഉള്ള ബീക്കൻ എന്ന കമ്പനിയിൽ നിന്നാണ്.
    - കേന്ദ്ര സർക്കാരിന്റെ Electronicd & IT Goods (Requirments for Compulsory Registration) Order 2012 പ്രകാരം 5KVA യിൽ താഴെയുള്ള യുപിഎസ്, ബാറ്ററി എന്നിവക്ക് നിർബന്ധമായും BIS രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ ഇവിടെ BIS രജിസ്ട്രേഷൻ ഇല്ലാത്ത സാധനങ്ങളാണ് വാങ്ങിയത്.

**ബി) <u>ലൈബ്രറിക്ക് കംപ്യൂട്ടർ, യുപിഎസ് വാങ്ങൽ</u>**

പദ്ധതി നമ്പർ : 204/19

അടങ്കൽ : 40000

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

- സർക്കാർ ഉത്തരവ് GO(MS) No 24/2017/ITD 18.11.2017കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ http://www.cprcs.kerala.gov.in എന്ന വെബ്പോർട്ടൽ വഴി മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി ക്വട്ടേഷൻ മുഖേന കമ്പ്യൂട്ടർ വാങ്ങി.
- ക്വട്ടേഷനിൽ കമ്പ്യൂട്ടർ, യുപിഎസ് എന്നിവയുടെ സ്പെസിഫിക്കേഷൻ നൽകിയിരുന്നില്ല.
- എട്ടാം ജനറേഷൻ കമ്പ്യൂട്ടർ 38000/-രൂപയ്ക്കാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ http://www.cprcs.kerala.gov.in എന്ന വെബ്പോർട്ടൽ വഴി 32,875/-രൂപയ്ക്ക് കമ്പ്യൂട്ടർ ലഭിക്കുമായിരുന്നു. ഇപ്രകാരം സർക്കാർ ഉത്തരവ് പാലിക്കാത്തതിനാൽ 5175/- രൂപയുടെ അധികച്ചെലവ് ഉണ്ടായി.

സി) <u>അനുബന്ധ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ</u>

പദ്ധതി നമ്പർ : 119/19

അടങ്കൽ : 244000

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

- അനുബന്ധ സ്ഥാപനങ്ങൾക്കായി കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ മോണിറ്റർ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിന് ആണ് പദ്ധതി തുക വകയിരുത്തിയത്.
  - സർക്കാർ ഉത്തരവ് GO(MS) No 24/2017/ITD 18.11.2017കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ http://www.cprcs.kerala.gov.in എന്ന വെബ്പോർട്ടൽ വഴി മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നാൽ ഇതിനു വിരുദ്ധമായി ടെൻഡർ മുഖേന കമ്പ്യൂട്ടർ വാങ്ങി
  - http://www.cprcs.kerala.gov.in എന്ന വെബ്പോർട്ടൽ വഴി വാങ്ങാതിരുന്നതിനാൽ 23,566/- രൂപയുടെ അധികച്ചെലവ് ഉണ്ടായി.

| ഇനം | വാങ്ങിയ വില | Cprcs വില | അധികച്ചെലവ് |
|---|---|---|---|
| കംപ്യൂട്ടർ | 45900 | 32875 | 13025 |
| പ്രിന്റർ | 10600 | 10090 | 510 |
| സ്കാനർ | 30150 | 19819 | 10331 |

പഞ്ചായത്തിൽ നടക്കുന്ന എല്ലാ വാങ്ങലുകൾക്കും പർച്ചേസ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. എന്നാൽ ഇവിടെ പർച്ചേസ് കമ്മിറ്റി യാതൊരുവിധ ഇടപെടലുകളും നടത്തിയിട്ടില്ല. 2018-19 വർഷത്തെ മിനുട്സ് പ്രകാരം ഒരിക്കൽ മാത്രമാണ് പർച്ചേസ് കമ്മിറ്റി യോഗം ചേർന്നത്. വാങ്ങലുകൾക്കു നിർവഹണ ഉദ്യോഗസ്ഥരെ നിയോഗിക്കുക മാത്രമാണ് മേല്പറഞ്ഞ മീറ്റിങ്ങിൽ നടത്തിയത്. പർച്ചേസ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നെങ്കിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാമായിരുന്നു.

## 1-24 അഡ്രസിംഗ് സിസ്റ്റം - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർണമായും ചെയ്യാതിരുന്നിട്ടും മുഴുവൻ തുകയും കൈമാറി - 276450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ : 14/2018

അടങ്കൽ : 285000

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ / തീയതി : 18020152022300/21.05.2018, തുക 2,76450/-

ഡയസ്, അഡ്രസിംഗ് സിസ്റ്റം എന്നിവ തയ്യാറാക്കുന്നതിന് ആണ് പദ്ധതി രൂപീകരിച്ചത്. അതിലേക്കായി 285000/-രൂപ വകയിരുത്തി. ഇതിനായി അസിസ്റ്റന്റ് എൻജിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ജോലിക്കായി ടെൻഡർ ക്ഷണിക്കുകയും ചെയ്തു.

1. Supplying and fixing of executive table – 1 number – Rs.20907

2. Supplying and fixing of executive chair – 4 numbers – Rs. 37168

3. Supplying and fixing of auditoriumdesklet - 3 numbers – Rs. 20907

4. Supplying and installation of projector, ups, white board, laptop, 2.1 channel speakers rack floor- Rs. 203263.5

5. unforeseen – Rs. 2755

total Rs. 285000

ആകെ മൂന്ന് ടെൻഡർ ലഭിച്ചതിൽ സ്പാർക്ക് സൊലൂഷൻസ് എന്ന സ്ഥാപനം 285000/- രൂപ ക്വാട്ട് ചെയ്തു. ന്യൂഗ്രാന്റ് ഫർണിച്ചർ എന്ന സ്ഥാപനം 3% കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്തതിനാൽ വർക്ക് ഓർഡർ ന്യൂഗ്രാന്റ് ഫർണിച്ചറിന് നൽകി. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷൻ പ്രകാരം 282000/- രൂപയുടെ ജോലി നടത്തിയിട്ടുണ്ട്

എന്നാൽ പരിശോധനയിൽ ചുവടെചേർക്കുന്ന അപാകതകൾ കണ്ടെത്തി –

- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന ഇനം 1,2 എന്നീ ജോലികൾ, ഇനം 4 ലെ സ്പീക്കർ ഇൻസ്റ്റലേഷൻ എന്നിവ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. അതായത് ആകെ 58075/- രൂപയുടെ ജോലിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. എങ്കിലും 276450/- സ്ഥാപനത്തിന് നൽകി
- കൂടാതെ എം ബുക്ക് ഹാജരാക്കിയില്ല.
- ആദായ നികുതി ഈടാക്കിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മുഴുവൻ ജോലികളും ചെയ്യാതെ മുഴുവൻ തുകയും കൈമാറിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 276450/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. മുഴുവൻ ജോലികളും പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 ടെലഫോൺ അലവൻസ് അധികമായി നൽകി.

ടെലഫോൺ അലവൻസായി അർഹമായതിലും അധികമായി നൽകിയ 3204/-രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-26 യാത്ര ബത്ത - ചട്ട വിരുദ്ധമായി അനുവദിച്ചു - 475770/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ /തീയതി : 86, 87, 88, 89/10.05.2018, 17480, 19820, 40230, 82040

വൗച്ചർ നമ്പർ /തീയതി : 136/30.05.2018 15150, 975/26.03.2019 13560

വൗച്ചർ നമ്പർ /തീയതി : 343, 344, 345, 346/17.08.2018 6720, 20340, 75340, 82980

വൗച്ചർ നമ്പർ /തീയതി : 861, 862, 863/ 07.03.2019 13560, 39180, 49370

പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്ത് മെമ്പർമാർ എന്നിവർ നടത്തിയ യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

- പരിശീലന ക്ലാസുകളിൽ പങ്കെടുത്തത് സംബന്ധിച്ച ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ യാത്രാബത്ത അനുവദിച്ചു.
- പഞ്ചായത്തുമായി ബന്ധപ്പെട്ട് നടത്തുന്ന ഔദ്യോഗിക യാത്രകൾക്കാണ് യാത്രാബത്ത അനുവദിക്കേണ്ടത്. എന്നാലിവിടെ പഞ്ചായത്തുമായി ഔദ്യോഗികമായി ബന്ധമില്ലാത്ത യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചു

  ഉദാഹരണങ്ങൾ

  - ബി പി എൽ ലിസ്റ്റിൽ ഉൾപ്പെടാത്തത് അന്വേഷിക്കാൻ പോയി
  - പട്ടയ വിഷയമായി കളക്ടറേറ്റിൽ പോയി
  - കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന്റെ തുക അടച്ചത് അന്വേഷിക്കാൻ പോയി
  - യൂത്ത് ക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചു അറിയാൻ പോയി
- ഉദ്ഘാടന പരിപാടികൾ, പൊതുസമ്മേളനങ്ങൾ എന്നീ യാത്രകൾക്ക് യാത്രാബത്ത അനുവദിക്കാൻ പാടില്ല. ഇത്തരം യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചു.

മേൽപ്പറഞ്ഞതിൽ നിന്നും യാത്രാബത്ത ബില്ലുകൾ വളരെ ലാഘവത്തോടു കൂടി കൈകാര്യം ചെയ്തു അനുവദിച്ചതായി കാണുന്നു.

ഈ സാഹചര്യത്തിൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ച് ചട്ടപ്രകാരം

- അനുവദനീയമായ യാത്രകൾ മാത്രം ഉൾപ്പെടുത്തിയും
- അവധി ദിവസങ്ങളിലെ യാത്രകൾ ഒഴിവാക്കിയും

- ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായ രേഖകൾ ആവശ്യമുള്ള യാത്രകൾക്ക് ആയത് സമർപ്പിച്ചിട്ടുള്ള യാത്രകൾ മാത്രം ഉൾപ്പെടുത്തിയും
- ഉദ്ഘാടനം, പൊതുപരിപാടികൾ തുടങ്ങിയ യാത്രകൾ ഒഴിവാക്കിയും

യാത്രാബത്ത പുനർനിർണയിച്ച അനധികൃതമായി നൽകിയ യാത്രാബത്ത ബന്ധപ്പെട്ട മെമ്പർമാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആകയാൽ യാത്രാബത്ത അനുവദിച്ച തുക 475770/- രൂപ തടസത്തിൽ വെയ്ക്കുന്നു.

# 1-27 ആസ്തിസംരക്ഷണം

ആസ്തിരജിസ്റ്റർ കാലികമല്ല. യൂണീക്ക് നമ്പർ ഉൾപ്പെടുത്താതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കുന്നില്ല (ഉദാ.സാംസ്കാരികനിലയം നെയ്യാർഡാം, കുടുംബശ്രീഓഫീസ് മൈലക്കര). ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തതിനാൽ റോഡുകൾ അപ്രോച്ച്റോഡ് ഇല്ലാതെ നിർമ്മാണം അവസാനിപ്പിക്കേണ്ടി വന്നിട്ടുണ്ട്. ഇന്റർ ലോക്ക് പ്രവൃത്തികളിൽ IRC സ്പെസിപിക്കേഷൻ പ്രകാരമുള്ള പേവർ ബ്ളോക്കുകൾ മാത്രം ഉപയോഗിച്ചാലേ ഗുണനിലവാരം ഉയർത്തുവാനും, അധിക ചെലവ് കുറയ്ക്കുവാനും സാധ്യമാവുകയുള്ളൂ. പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് സമിതിയുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്.

# 1-28 സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം- തുക ഈടാക്കേണ്ടതാണ്

യഥാസമയം കരാർ വയ്ക്കാത്തതിന് വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-29 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-30 ബിൽ തുകയിൽ നിന്നും ടെന്റർ കിഴിവ്

# കുറച്ചില്ല.

പി.എച്ച്.സി. റീ വയറിംഗ് പ്രവൃത്തിയുടെ തുക നൽകിയപ്പോൾ ടെണ്ടർ കിഴിവ് കുറച്ചില്ല. വിശദാംശങ്ങൾ 3-3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-31 വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല. 297000/-രൂപ തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന 2പദ്ധതികൾ പ്രകാരവും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. 14.2.2018-ലെ സ.ഉത്തരവ് (കൈ)നം22/2018 /തസ്വഭവ, 7.2.8 പ്രകാരം ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി/പട്ടികവർഗ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് അത്തരത്തിലുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 25 നുള്ള മറുപടിയിൽ ആയതു അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കാമെന്ന അറിയിച്ചിരിക്കുന്നു.

<u>1.</u>

| പ്രോജക്ട് നം 55/19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 255791/-രൂപ |
| ചെലവ് | 148500/- |
| ബിൽ നം/ തീയതി | 45/18-19 22.12.2018 |

ചുവടെ ചേർക്കുന്ന 3 വിദ്ധ്യാർത്ഥികൾക്കും വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പേരും മേൽവിലാസവും |
|---|---|
| 1 | സബജിത്ത്.എസ്.ബി<br>ചെവടിയറ, കിഴക്കുംകര വീട്, തേവൻകോട്, മൈലക്കര |
| 2 | ആനി.പി.എസ്,<br>വടക്കുംകര തോട്ടരിക്കത്ത് വീട്,മൈലക്കര |
| 3 | അനഘ.എസ്.അനിൽ,<br>അജി വിലാസം, കല്ലംപൊറ്റ, പാട്ടേക്കോണം |

2.

| പ്രോജക്ട് നം 62/19 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (റ്റി.എസ്.പി) |
| അടങ്കൽ | 207900/-രൂപ |
| ചെലവ് | 207900/-രൂപ |
| ബിൽ നം/ തീയതി | 43/18-19 22.12.2018 |

ചുവടെ ചേർക്കുന്ന 7 വിദ്ധ്യാർത്ഥികൾക്കും വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പേരും മേൽവിലാസവും |
|---|---|
| 1 | സിദ്ധലക്ഷ്മി, ഗുരുപാദം, വ്ലാവെട്ടി |
| 2 | സൂര്യ.ജി, സുകന്യഭവൻ, വ്ലാവെട്ടി |
| 3 | ആദിശങ്കർ, ചന്ദനവല്ലി ഹൗസ്, വ്ലാവെട്ടി |
| 4 | കാവ്യ.സി.വൈ, റോഡരികത്തുവീട്, നാരകത്തിൻകുഴി |
| 5 | മേഘമോഹൻ, മേഘഭവൻ, നാരകത്തിൻകുഴി |
| 6 | വന്ദന.എ.എസ്, വന്ദനഭവൻ, വ്ലാവെട്ടി |
| 7 | ആദിത്യ.എസ്. ബാലകൃഷ്ണൻ, മേക്കുംക്കര വീട്, വ്ലാവെട്ടി. |

ആകെ 10 വിദ്യാർത്ഥികൾക്ക് നൽകിയ ലാപ്പ്ടോപ്പിന്റെ തുകയായ 297000/-രൂപ തടസ്സം ചെയ്യുന്നു. പ്രസ്തുത സാക്ഷ്യപത്രങ്ങൾ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

# 1-32 ലൈഫ് ഭനവപദ്ധതി-അവലോകനം

എല്ലാപേർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ രണ്ടാമത്തെ ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായവിതരണ പദ്ധതിയാണ് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

***ഗുണഭോക്താക്കളുടെ എണ്ണം (കരാറിൽ ഏർപ്പെട്ടവർ)***

| | |
|---|---|
| ജനറൽ | 52 |
| പട്ടികജാതി | 0 |
| പട്ടിക വർഗ്ഗം | 4 |
| **ആകെ** | **56** |

***തുക അനുവദിച്ചവർ***

| | |
|---|---|
| ജനറൽ | 52 |
| പട്ടികജാതി | 0 |
| പട്ടിക വർഗ്ഗം | 4 |
| **ആകെ** | **56** |

**ഫണ്ട് വിനിയോഗം 31.03.2019 വരെ**

| **വിഭാഗം** | **പ്ലാൻ ഫണ്ട് അടങ്കൽ ചെലവ്** | **ബ്ലോക്ക് വിഹിതം അടങ്കൽ ചെലവ്** | **ജില്ലാ വിഹിതം അടങ്കൽ ചെലവ്** | **മറ്റുള്ളവ അടങ്കൽ ചെലവ്** | **ആകെ അടങ്കൽ ചെലവ്** |
|---|---|---|---|---|---|
| ജനറൽ | 3379800<br>3379800 | 229622<br>229622 | 652622<br>652622 | 23337956<br>5244687 | 27600000<br>9506731 |
| പട്ടികജാതി | 446800<br>0 | 125880<br>0 | 149014<br>0 | 478306<br>0 | 1200000<br>0 |
| പട്ടിക വർഗ്ഗം | 303800<br>303800 | 9260<br>9260 | 58646<br>56200 | 2028294<br>570000 | 2400000<br>939260 |
| **ആകെ** | **4130400<br>3683600** | **364762<br>238882** | **860282<br>708822** | **25844556<br>5814687** | **31200000<br>10445991** |

* എസ്.സി വിഭാഗത്തിനു അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ആ ഇനത്തിൽ ചെലവു വന്നിട്ടില്ല.

*പട്ടികവർഗ്ഗക്കാർക്ക് ജില്ലാവിഹിതം മുഴുവനായും കൊടുത്തിട്ടുണ്ട്, എന്നാൽ ചെലവ് പത്രിക പ്രകാരം 56200/-രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളു.

*മറ്റുള്ളവയിൽ (ജനറൽ) ലോൺ തുക 5344687/-രൂപ ചെലവു വന്നെങ്കിലും 5244687/- രൂപ മാത്രമാണ് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>വിവിധ ഘട്ടങ്ങളിൽ വിതരണം ചെയ്ത തുകയുടെ വിവരം31.03.2019 വരെ</u>

| **വിഭാഗം** | **ഗ്രാമപഞ്ചായത്ത് വിഹിതം** | **ബ്ലോക്ക് വിഹിതം** | **ജില്ലാ വിഹിതം** | **ലോൺ** |
|---|---|---|---|---|
| ജനറൽ | 52 x 40000 =2080000 (ഒന്നാം ഗഡു) 8 x160000+ 5313+14487 =1299800 (രണ്ടാം ഗഡു) ആകെ 3379800/- | 160000+12891+ 56731=229622 (രണ്ടാം ഗഡു) ആകെ 229622/- | 4x160000+ 1x12622= 652622/- | 25x 160000+1x154687 +1x120000+1x110000+1x60000 = 4444687/- (രണ്ടാം ഗഡു) 8x100000= 800000/-(മൂന്നാം ഗഡു) ആകെ 5244687/- |
| പട്ടികജാതി | 0 | 0 | 0 | 0 |
| പട്ടിക വർഗ്ഗം | 3x90000+33800= 303800/- (ഒന്നാം ഗഡു) | 1 x9260 =9260 ( മൂന്നാം ഗഡു) | 56200 (ഒന്നാം ഗഡു) | 3x 120000=360000 (രണ്ടാം ഗഡു) 1x210000 = 210000 (മൂന്നാം ഗഡു) ആകെ 570000/- |

<u>സമയബന്ധിതമായി പണിപൂർത്തിയാക്കാത്തവ</u>

16.03.2018ലെ സ.ഉ (കൈ)നം,34/2018 തസ്വഭവ ഉത്തരവ് ക്രമ നം (6) പ്രകാരം ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നിരിക്കെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേര് വിവരം (ജനറൽ)** | **വാർഡ് നം** | **ഒന്നാം ഗഡു വിതരണം ചെയ്ത തീയതി** |
|---|---|---|---|
| 1 | സുധാകുമാരി.എ | 9 | 17.07.2018 |
| 2 | രാമചന്ദ്രൻ.ജി, ജയകുമാരി | 8 | 07.07.2018 |
| 3 | കനകമണി തങ്കച്ചി | 11 | 04.08.2018 |
| 4 | രാജിമോൾ, | 10 | 04.08.2018 |

| | | | |
|---|---|---|---|
| | ബിനു.ജെ.ദാസ് | | |
| 5 | സുനി.കെ,സിന്ധു | 10 | 21.11.2018 |
| 6 | സുഭാഷ്ചന്ദ്രൻ | 1 | 24.11.2018 |
| 7 | ശ്രീകല.എസ് | 12 | 11.10.2018 |
| 8 | ബിന്ദു, രാജേഷ് കുമാർ | 2 | 9.10.2018 |
| 9 | രാജി.ആർ | 2 | 22.11.2018 |
| 10 | ശ്യാംരമ്യ.എസ്.ആർ | 2 | 21.11.2018 |

ഓഡിറ്റ് എൻക്വയറി നം 25/19 നുള്ള മറുപടിയിൽ ത്രിതല പഞ്ചായത്തിന്റെ വിഹിതത്തിനൊപ്പം ലോൺ തുക കൂടി ഉൾപ്പെട്ട തുകയാണ് വകയിരുത്തിയിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ പഞ്ചായത്ത് വിഹിതം മാത്രമാണ്ഉണ്ടായിരുന്നത്. ഗുണഭോക്താക്കൾക്കെല്ലാം ഒന്നാം ഗഡു വിതരണം നടത്തുകയും ചെയ്തു. വായ്പ തുകയുടെ ലഭ്യതകുറവാണ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിൽ തടസ്സം നേരിടുന്നതെന്നു അറിയിച്ചിരിക്കുന്നു.

തുകയുടെ ലഭ്യതകുറവ് പരിഹരിക്കുന്നതിനായി ഭരണസമിതിയുടെ ഭാഗത്തു നിന്നുമുള്ള ഇടപെടൽ ആവശ്യമാണ്. തുക ഗുണഭോക്താക്കൾക്ക് അനുവദിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

# 1-33 മാലിന്യ സംസ്കരണം - പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്ട് നം – 139/2019

ഹരിത കേരളം – ഹരിത കർമ്മ സേന പ്രോഗ്രാം

പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പ്ലാസ്റ്റിക്ക് വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് പദ്ധതി തയ്യാറിക്കിയിരിക്കുന്നത്. അതിനായി ഹരിതകർമ്മ സേനാംഗങ്ങൾ വഴി പഞ്ചായത്ത് പരിധിയിലെ അജൈവമാലിന്യങ്ങൾ എം.സി.എഫിൽ ശേഖരിക്കുകയും അവ ക്ലീൻ കേരള കമ്പനി മുഖാന്തിരം ഒഴിവാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പഞ്ചായത്തിൽ എം.സി.എഫ് നിർമ്മാണം പൂർത്തായാക്കാതെ അജൈവമാലിന്യങ്ങൾ ശേഖരിക്കുകയും ആയത് പഞ്ചായത്തിന്റെ പരിധിയിൽ തന്നെ കൂട്ടിയിടുകയുമാണ് ചെയ്തിരിക്കുന്നത്.

പ്ലാൻ ഫണ്ടിനത്തിൽ 716800/- രൂപ വകയിരുത്തിയെങ്കിലും 93310/- രൂപ മാത്രമാണ് ചെലവ് വന്നിരിക്കുന്നത്. ഹരിത സേനാംഗങ്ങൾക്കുള്ള വേതനം, നോട്ടീസ്, വാടക, യൂണിഫോം

മുതലായവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.25/2019-നുള്ള മറുപടിയിൽ എം.സി.എഫിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതിനാലാണ് പദ്ധതി പൂർണമായും പ്രവർത്തനക്ഷമമാക്കാത്തതെന്നു അറിയിച്ചിരിക്കുന്നു.

യൂസർ ഫീസിനത്തിൽ കളക്ട് ചെയ്ത തുകയുടെ വിശദാംശം ഓഡിറ്റിനു പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ദീർഘവിക്ഷണത്തോടെ ഈ പദ്ധതിയിുടെ നടത്തിപ്പ് വിഭാവനം ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാവുന്നതാണ്. പ്രകൃതിയ്ക്കും മനുഷ്യനും അത്യന്താപാക്ഷിതമായ അജൈവമാലിന്യങ്ങളുടെ സംസ്കരണം മുൻധാരണയോടെ പ്രാവർത്തികമാക്കേണ്ടതിനു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 "വെബ് ജി.എെ.എസ് ബേഡ്സ് ലാൻഡ് റിസോർസ് സപ്പോർട്ട് സിസ്റ്റം" പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി നിർവ്വഹണം നടത്തിയ പദ്ധതിയാണ് (നം.25/18-19) "വെബ് ജി.എെ.എസ് ബേഡ്സ് ലാൻഡ് റിസോർസ് സപ്പോർട്ട് സിസ്റ്റം". പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കള്ളിക്കാട് ഗ്രാമപഞ്ചായത്തിൻെറ വിഭവ ഭൂപട ഡിജിറ്റൈസ് ചെയ്ത് ദ്വിതീയ വിവരശേഖരം സന്നിവേശിപ്പിക്കുക എന്നതായിരുന്നു. മേൽപദ്ധതി ആസൂത്രണം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡാണ് നടത്തിയിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 107 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. പിന്നീട് വാർഡ് അടിസ്ഥാനത്തിൽ 5 പേർ വീതം (13X5) 65 പേർ ഉൾപ്പെട്ടിരുന്നു. പദ്ധതിയുടെ അടങ്കൽ തുക 3,25,000/- രൂപയും അത്രയും തന്നെ ചെലവും വന്നിട്ടുണ്ട്. പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 6,00,000/-രൂപ എന്ന് ഫയലിൽ പരാമർശിക്കുന്നുണ്ട്. പദ്ധതി സ്പിൽ ഓവറായി 2019-20 വർഷം നടപ്പിൽ വരുത്തുന്നുണ്ടോയെന്നും പദ്ധതിയുടെ വിശദാംശങ്ങൾ, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് 27.11.19-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19) മറുപടി നൽകിയില്ല. പ്രസ്തുത സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-35 സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി - 15,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജ.നം | 20/18-19 |
| അടങ്കൽ തുക | 15,000/ |
| ചെലവ് തുക | 15,000/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം.& തീയതി | 20/18-19/12.11.18 - 2,000/-<br>29/18-19/30.11.18 - 2,000/-<br>34/18-19/16.01.19 - 3,000/-<br>41/18-19/11.02.19 - 3,000/-<br>44/18-19/13.03.19 - 2,000/-<br>48/18-19/27.03.19 - 3,000/- |

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും കുട്ടികളിൽ സംസാര വൈകല്യം ഉൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ഉള്ളവരെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്ക് ഇവരെ ഏകോപിപ്പിച്ച് സേവനം ലഭ്യമാക്കുന്നതിന് അനുയോജ്യമായ ഒരു സെന്ററായിട്ടാണ് ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ വിഭാവനം ചെയ്യുന്നത്. ഈ മൂന്ന് തരത്തിലുള്ള തെറാപ്പിസ്റ്റുകളുടെ സേവനവും_ഓരോ മാസവും രണ്ടു തവണയെങ്കിലും ലഭ്യമാക്കേണ്ടതും കുട്ടികളെ രക്ഷിതാക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കേണ്ടതുമാണ്. ഓരോ സ്പെഷ്യലിസ്റ്റുകൾക്കും ഒരു സിറ്റിംഗിന് 1000/-രൂപ ക്രമത്തിൽ മൂന്ന് പേർക്ക് ഒരു മാസം രണ്ട് സിറ്റിംഗ് വീതമെങ്കിലും നൽകത്തക്കവണ്ണം തുക വകയിരുത്തി പ്രോജക്ട് വയ്ക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രീതി, കുട്ടികളുടെ ഹാജർ നില ഉറപ്പാക്കാൻ

സ്വീകരിച്ച നടപടി വിവരം, തെറാപ്പിസ്റ്റിനെ നിയമിച്ച നടപടി ക്രമം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പദ്ധതി ലക്ഷ്യം കൈവരിച്ചതിന്‍റെ വിശദാംശങ്ങള്‍ മറുപടി എന്നിവ ലഭ്യമാക്കുവാന്‍ 29.11.2019-ല്‍ നല്‍കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (23/19)-ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തില്‍ പദ്ധതി ചെലവ് തുകയായ 15,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-36 കാര്‍ഷിക പദ്ധതികള്‍ - അവലോകനം

2018-19 സാമ്പത്തിക വര്‍ഷം ഗ്രാമപഞ്ചായത്തില്‍ കൃഷി ഓഫീസര്‍ നിര്‍വ്വഹണ ഉദ്യഗസ്ഥനായി ആകെ 11 പദ്ധതികള്‍ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതില്‍ 10 എണ്ണം കാര്‍ഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികള്‍ ആണ്. പദ്ധതികളുടെ വിശദാംശങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.

| ക്രമ നം. | പ്രോജ.നം | പ്രോജക്ടിന്‍റെ പേര് | അടങ്കല്‍ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 21/18-19 | ഹരിതഭവനം | 8,80,000/- | 3,78,000/- |
| 2 | 22/18-19 | ജൈവസമൃദ്ധി-തരിശുഭൂമി കൃഷി | 3,00,000/- | 22,500/- |
| 3 | 24/18-19 | ജലശ്രീ-കിണര്‍ റീചാര്‍ജ്ജ് (ജനറല്‍) | 12,00,000/- | 1,11,600/- |
| 4 | 25/18-19 | വെബ് ജി.എെ.എസ് ബേസ്റ്റ് ലാന്‍റ് റിസോര്‍സ് സപ്പോര്‍ട്ട് സിസ്റ്റം ഫോര്‍ ഡീ സെന്‍ട്രലൈസ്ഡ് പ്ലാനിംഗ് | 3,25,000/- | 3,25,000/- |
| 5 | 26/18-19 | വാഴകൃഷി പ്രോത്സാഹനം | 5,50,000/- | 2,00,000/- |
| 6 | 27/18-19 | ജലശ്രീ-കിണര്‍ റീചാര്‍ജ്ജ് (എസ്.സി.പി) | 80,000/- | 8,000/- |
| 7 | 127/18-19 | പച്ചക്കറി കൃഷി (കുടുംബശ്രീ മുഖേന) | 37,82,500/- | 6,06,350/- |
| 8 | 128/18-19 | കൃഷിഭവന്‍ കള്ളിക്കാട്-ഓഫീസ് ചെലവുകള്‍ | 30,000/- | 30,000/- |
| 9 | 144/18-19 | കേദാരം-സമഗ്രനെല്‍കൃഷി പദ്ധതി | 56,500/- | 4,400/- |
| 10 | 151/18-19 | ജൈവഗ്രാമം | 2,71,500/- | 0 |
| 11 | 152/18-19 | ജൈവപച്ചക്കറി കൃഷി-കുടുംബശ്രീ മുഖേന | 6,15,600/- | 1,52,000/- |
| | | **ആകെ** | **80,91,100/-** | **18,37,850/-** |

കാര്‍ഷിക മേഖലയില്‍ 80,91,100/-രൂപ അടങ്കല്‍ വകയിരുത്തിയതില്‍ 18,37,850/-രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. സുലേഖ സ്റ്റേറ്റ്മെന്‍റ് പ്രകാരമുള്ള ആകെ ചെലവ് ശതമാനം 22.71% ആണ്. എതൊരു സമ്പത്ത് വ്യവസ്ഥയുടേയും നട്ടെല്ലായ കാര്‍ഷിക മേഖലയെ കൃഷിക്ക് അനന്തമായ സാദ്ധ്യതകള്‍ ഏറെ ഉള്ള കള്ളിക്കാട് ഗ്രാമപഞ്ചായത്തില്‍ ഈ രീതിയില്‍ അവഗണിച്ചത്

അംഗീകരിക്കുന്നില്ല. പൂർണ്ണമായും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാത്തത് വ്യക്തമായ ആസൂത്രണത്തിൻെറ അഭാവമാണ്. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/19) മറുപടി ലഭ്യമാക്കിയിട്ടില്ല. കാർഷിക മേഖലയുടെ വളർച്ച ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജിവിത നിലവാരം,വ്യക്തി വരുമാനം,പ്രതിശീർഷ വരുമാനം,ദേശീയ വരുമാനം എന്നിവ ഉയർത്തുകയും അതിലൂടെ സാമ്പത്തിക വളർച്ചക്കും സ്വയം പര്യാപ്തതക്കും വഴിതെളിക്കുകയും ചെയ്യും. കാർഷിക മേഖലയിൽ വാർഷിക പദ്ധതി വിഹിതം പൂർണ്ണമായും ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 കായിക വികസനം ചെവല് രേഖകൾ ഹാജരാക്കിയില്ല - 1,19,700/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 52/18-19 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| അടങ്കൽ തുക | 1,20,000/- |
| ചെലവ് തുക | 1,19,700/- |
| ബിൽ നം. | 14/18-19/20.01.2019 - 1,00,000/-<br>18/18-19/06.02.2019 - 19,700/- |

കായിക വികസനത്തിനായി ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളിബോൾ എന്നീ ഗെയിമുകൾ സംഘടിപ്പിക്കുന്നതിനും ടീമുകളെ രൂപീകരിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി ഓരോ ഗെയിമിനും 30,000/-രൂപ ക്രമത്തിൽ നൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപന തലത്തിൽ യൂത്ത് ക്ലബുകൾ തമ്മിൽ വിവിധ ഗെയിമുകളിൽ സൗഹാർദ്ദ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും പ്രധാന ഗെയിംസ് ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കേണ്ടതും ഈ ടീമുകൾ തമ്മിൽ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.

പരാമർശിത പ്രവർത്തനങ്ങൾ എല്ലാം സംഘടിപ്പിച്ചിട്ടുണ്ടെന്ന് എച്ച്.എം മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 07/2019-ന്റെ മറുപടി). എന്നാൽ ആയതിൻെറ ഒരു രേഖയും പദ്ധതി ഫയലിൻെറ പരിശോധനയിൽ ലഭ്യമല്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ആരോഗ്യ-വിദ്യഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-38 ജാഗ്രതാസമിതി പ്രവർത്തനങ്ങൾ നിഷ് ക്രിയം

ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷക്കും പരാതി പരിഹാരത്തിനും, കൗൺസിലിംഗിനും, മാനസികാരോഗ്യത്തിന് സഹായകരമായ വിധത്തിൽ സ്കൂളുകളിൽ ജെന്റർ ഡെസ്ക്ക് സ്ഥാപിക്കേണ്ടതും ജാഗ്രതാസമിതി പ്രവർത്തനത്തിനും ജെൻറർ റിസോർസ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കേണ്ടതും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യ യോഗ്യതയോ അതിന് തത്തുല്യ യോഗ്യതയുള്ള ഒരു കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയോഗിക്കാവുന്നതുമാണ്. (ജി.ഒ.(എം.എസ്)22/2018 ത.സ്വ.ഭ.വ, 14.02.2018 ഖ.7.4.2)

മാസം തോറും വാർഡ്തല, പഞ്ചായത്ത്തല ജാഗ്രതാസമിതി മീറ്റിംഗുകൾ കൂടേണ്ടതും പരാതികൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി, ജെന്റർ ഡെസ്ക്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ടോയെന്നും 2018-19 സാമ്പത്തിക വർഷം എത്ര പരാതികൾ ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും തീർപ്പാക്കിയിട്ടുണ്ട് എന്നും ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/19 തീയതി 29.11.2019)മറുപടി ലഭ്യമാക്കിയില്ല. 2018-19 സാമ്പത്തിക വർഷം 30,000/-രൂപ അടങ്കൽ വകയിരുത്തി പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമില്ലാത്തതും ലക്ഷ്യപ്രാപ്തിയിലേക്ക് ഉയരാൻ കഴിയാത്തതും ശരിയായ മോണിറ്ററിംഗ് ഇല്ലാത്തതുമായ ഒന്നായിരുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ സംഭവിക്കാതിരിക്കുവാൻ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-39 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഫലവൃക്ഷത്തൈ ഉത്പാദനത്തിനായി 2018-19 വർഷം 13 വാർഡിലേക്കുമായി ആകെ 36,19,695/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലും തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓരോ വാർഡിലും 15000 തൈകൾ എന്ന നിരക്കിൽ ആകെ 13 വാർഡിലേക്കുമായി 195000 തൈകൾ ഉത്പാദിപ്പിച്ചതായും ഇതിൽ ഏകദേശം 6000 തൈകൾ മഴക്കെടുതിയിൽ നശിച്ചതായും, 1500-ഓളം തൈകൾ ഹരിതകേരളം പദ്ധതിയുമായിബന്ധപ്പെട്ട് വിതരണം ചെയ്യുന്നതിനായി സൂക്ഷിച്ചിട്ടുണ്ടെന്നും ബാക്കി തൈകൾ സ്കൂളുകൾക്കും, ഓരോ വാർഡിലേയും വ്യക്തികൾക്കും, തൊഴിലാളികൾക്കുമായി വിതരണം ചെയ്തതായും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 28). എന്നാൽ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഉല്പാദിപ്പിക്കുന്ന തൈകളുടെ വിശദാംശം, ഇവ വിതരണം ചെയ്യുന്നതിന്റെ വിവരം എന്നിവ കൃത്യമായി സൂക്ഷിക്കാൻ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 3-9) പരാമർശിച്ചിരുന്നുവെങ്കിലും ഈ വർഷവും ആയത് നടപ്പാക്കിയിട്ടില്ല. വൻതുക ചെലവാക്കി നടപ്പാക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്നത് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം- തുക ഈടാക്കേണ്ടതാണ്

2012-ലെ PWD manual സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശസ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. PACയുടെ 1% പിഴ 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചില്ലെങ്കിൽ ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നെയ്യാർഡാം

സാംസ്കാരികനിലയം പുനരുദ്ധാരണം എന്ന പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | എഗ്രീഡ് പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | എഗ്രിമെന്റ് ഒപ്പുവയ്ക്കേണ്ട തീയതി | എഗ്രിമെന്റ് ഒപ്പുവച്ച തീയതി | ഈടാക്കേണ്ട തുക (PACയുടെ 1%) |
|---|---|---|---|---|---|
| S0161/17-18നെയ്യാർഡാം സാംസ്കാരികനിലയം പുനരുദ്ധാരണം കോൺട്രാക്ടർ-ശ്രീ.ആർ.വിജയകുമാർ. | 460782/ | 21/10/2017 | 18/11/17 | 23/11/17 | 4608/- |

കരാറുകാരനിൽ നിന്നും പിഴത്തുകയായ 4608/ രൂപ ഈടാക്കി വിവരം ലഭ്യമാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-2 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല-നഷ്ടം

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 സെക്ഷൻ 2112-ൽ കരാറുകാരന്റെതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപ് അപേക്ഷ നല്കേണ്ടതാണ്. ആയത് ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ വാങ്ങി പൂർത്തീകരണകാലാവധിയുടെ 25%വരെ തീർപ്പാക്കിനല്കാം. തുടർന്നുള്ള കാലയളവിന് 2% ഈടാക്കേണ്ടതാണ്. ചില പ്രവൃത്തികളിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ചെലവ് ബിൽനം/ തിയതി | എഗ്രീഡ് പി.എ.സി. | കോൺട്രാക്ടർ | വർക്ക് ഓർഡർ തീയതി, കാലാവധി | പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (പി.എ.സി. യുടെ 1%) |
|---|---|---|---|---|---|---|---|
| എസ്.ഒ.141/18 മലവിള സ്വർണ്ണക്കോട് റോഡ് കോൺക്രീറ്റിംഗ്. | ചെക്ക്നം 4651038 /29.1.19 397591/ | 422400/ 26.09.2017 ന് സ്ഥലം കൈമാറി. | ശ്രീ. എ.വിജയൻ | 5/07/18 4months | 5/11/18 | 22/01/19 | 4224/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽനം-65/18-19/19.3.19 10000/ | | | | | | |
| So77/18-19 നിരപ്പക്കാല-ചെമ്പൂര് റോഡ് മെയിൻറനൻസ് | ബിൽ നം62/ 11.3.19 -662092/ | 657571 | ശ്രീ.ആർ. വിജയകുമാർ | 16/07/18 - 3months | 16/10/18 | 18/01/19 | 6576/ |
| | | | | | | ആകെ | 10800/-രൂപ |

പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വാഹന വാടക - 35800/-രൂപ നിരാകരിക്കുന്നു

പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്ത വകയിൽ വിവിധ വൗച്ചറുകൾ മുഖേന തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വൗച്ചറുകളും ആയി ബന്ധപ്പെട്ട ഹാജരാക്കിയ പ്രകാരം ഉപയോഗിച്ചു എന്ന രേഖപ്പെടുത്തിയിരിക്കുന്ന വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം Non Transport/ മോട്ടോർ സൈക്കിൾ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

| ക്രമ നം | വൗച്ചർ നമ്പർ/ തീയതി | വാഹനത്തിന്റെ നമ്പർ | തുക | വാഹനത്തിന്റെ തരം | ചെക്ക് നം./ തീയതി |
|---|---|---|---|---|---|
| 1 | 21800132/24.05.2018 | KL 01 AS 7789 | 2500 | മോട്ടോർ സൈക്കിൾ | 323126/24.05.2018 |
| 2 | 21800133/24.05.2018 | KL 20 H 450 | 2500 | Non Transport | 323126/24.05.2018 |
| 3 | 21800334/3.08.2018 | KL 20 H 450 | 1500 | " | 326137/03.08.2018 |
| 4 | 21800335/13.08.2018 | KL 19 2100 | 1700 | " | 326159/13.08.2018 |
| 5 | 21800377/29.08.2018 | KL 01 AS 7789 | 5800 | മോട്ടോർ സൈക്കിൾ | 326176/29.08.2018 |
| 6 | 21800378/29.08.2018 | KL 20 C 6239 | 7500 | Non Transport | 326176/29.08.2018 |
| 7 | 21800379/29.08.2018 | KL 01 BQ 50 | 2500 | " | 326176/29.08.2018 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 8 | 21800838/28.02.2019 | KL 20 C 6239 | 2000 | " | 616212/28.02.2019 |
| 9 | 21800839/28.02.2019 | KL 43 4963 | 3000 | " | 616212/28.02.2019 |
| 10 | 21800982/28.03.2019 | KL 01 BQ 50 | 4000 | " | 616305/28.03.2019 |
| 11 | 218001007/31.03.2019 | KL 01 BQ 50 | 2800 | " | 616310/31.03.2019 |
| | | ആകെ | 35800 | | |

ആയതിനാൽ മേൽപറഞ്ഞ വൗച്ചറുകൾ മുഖേന ചെലവഴിച്ച 35800/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 ടെലഫോൺ അലവൻസ് അധികമായി നൽകിയ 3204 രൂപ നിരാകരിക്കുന്നു

സർക്കാർ ഉത്തരവ് 201/2006/19.08.2006 പ്രകാരം പഞ്ചായത്ത് പ്രസിഡണ്ടിന് പരമാവധി 500/- രൂപ ടെലഫോൺ അലവൻസായി അനുവദിക്കാവുന്നതാണ്. എന്നാൽ 2018-19 വർഷം 8807/-രൂപ ടെലഫോൺ അലവൻസായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി നൽകിയ 3204/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തീയതി | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|
| മാർച്ച് 2018 | 21800032/323105/ 19.04.2018 | 840 | 340 |
| ഏപ്രിൽ 2018 | 21800122/323121/ 14.05.18 | 813 | 313 |
| മെയ് 2018 | 21800181/325154/ 21.06.18 | 840 | 340 |
| ഓഗസ്റ്റ് 2018 | 21800446/326190/ 22.09.18 | 757 | 257 |
| സെപ്റ്റംബർ 2018 | 21800521/326210/ 22.10.18 | 840 | 340 |
| ഒക്ടോബർ 2018 | 21800613/326220/ 24.11.18 | 840 | 340 |
| നവംബർ 2018 | 21800681/326230/ 19.12.18 | 792 | 292 |
| ഡിസംബർ 2018 | 21800749/616005/ 26.01.19 | 840 | 340 |
| ജനുവരി 2019 | 21800813/666199/ 22.02.19 | 802 | 302 |
| ഫെബ്രുവരി 2019 | 21800970/616305/ 27.03.19 | 840 | 340 |
| ആകെ | | | 3204/- രൂപ |

അധികമായി അനുവദിച്ച തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പി.എച്ച്.സി - റീ.വയറിംഗ് ടെന്റർ കിഴിവ് കുറയ്ക്കാതെ തുക നൽകി - 1500/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം -എസ്.ഒ- 190/17-18, അടങ്കൽ-300000/(N.R)

M.Book No.457/2017-18

നൽകിയ തുക – 300000/- രൂപ

ബിൽനം -6/18-19 തീയതി 22.05.2018, നൽകിയ തുക 300000/-

നൽകേണ്ട തുക – 2,98,500/-

കരാറുകാരൻ -എൽ.ടൈറ്റസ്.

നെയ്യാർഡാം പി.എച്ച്.സി. റീ വയറിംഗ് പ്രോജക്റ്റ് 0.5% കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരിൽ നിന്നും 'ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ 1500/ രൂപ അധികം നല്കേണ്ടിവന്നു. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.20-ന് പ്രസ്തുത തുക ഈടാക്കി അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019-18.06.2019 | കെ.എസ്.എ.റ്റി.വി.എം /ജി.പി 2/1105 /19 19.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 189000 | ഹരിതഭവനം | 189000 | 0 |
| | | 7500 | ജൈവസമൃദ്ധി | 7500 | 0 |
| | | 291240 | ജലശ്രീ കിണർ റീചാർജ്ജ്(ജനറൽ) | 57600 | 233640 |
| | | 675691 | ലൈഫ്(ജനറൽ) | 652622 | 23069 |
| | | 58646 | ലൈഫ്(ടി.എസ്.പി) | 56200 | 2446 |
| | | 149014 | ലൈഫ്(എസ്.സി.പി) | 0 | 149014 |
| | | 199500 | സ്നേഹസ്പർശം(മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ) | 199500 | 412969 |
| | | 120000 | ക്ഷീരസമൃദ്ധി(ജനറൽ) | 120000 | 0 |
| | | 4800 | ഹരിതഭവനം | 0 | 4800 |
| | | 85000 | ക്ഷീരസമൃദ്ധി(വനിത) | 85000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 500000 | ക്ഷീരസമൃദ്ധി(ജനറൽ) | 500000 | 0 |
| | | 200000 | ക്ഷീരസമൃദ്ധി(വനിത) | 200000 | 0 |
| | | 500000 | വില്ലിട്ടുംപാറ ഓടനിർമ്മാണം | 100386 | 2023 |
| | | | മലവിള റോഡ് കോൺക്രീറ്റ് | 397591 | |
| | | 46875 | അംഗൻവാടികൾക്ക് ചിൽഡ്രൻസ് പാർക്ക് | 46875 | 0 |
| | | 150000 | അംഗൻവാടി പോഷകാഹാരം(പട്ടികവിഭാഗം) | 150000 | 0 |
| | | 100000 | അംഗൻവാടി പോഷകാഹാരം(പട്ടികജാതി) | 100000 | 0 |
| | | 199500 | *സ്നേഹസ്പർശം(മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്)* | 199500 | 0 |
| | | 229622 | ലൈഫ്(ജനറൽ) | 229622 | 0 |
| | | 9260 | ലൈഫ്(ടി.എസ്.പി) | 9260 | 0 |
| | | 125880 | ലൈഫ്(എസ്.സി.പി) | 0 | 125880 |
| | | | | | |
| | | 41880 | ലൈഫ്(അധിക വിഹിതം) | 0 | 41880 |
| | | 275000 (2017-18 ൽ ലഭിച്ച തുക അക്കൗണ്ട്സിൽ എടുക്കാത്തത് | മെറിറ്റോറിയൽ സ്കോളർഷിപ്പ് | 0 | 275000 (*1) |

| | | | | | |
|---|---|---|---|---|---|
| | | തൻവർഷം വരവായി ഉൾപ്പെടുത്തിയത്) | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 90000 (2017-18 ൽ ലഭിച്ച തുക) | സൈക്കിൾ(എസ്.സി.പി) | 20382 | 69618 |

(*1) ചെലവഴിക്കാത്ത തുക അക്കൗണ്ടസിൽ ഉൾപ്പെടുത്തിയിട്ടില്ല

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 31800 | - | *31800* |
| K-WA (18-19) | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1560000 | - | 1560000 |
| K-WA (17-18) | | 3410000 | 2435105 | 1213486 (*) |

(*)- ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ള തുക- 974895/- രൂപ (05.05.2018-ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച 238591/- രൂപയുടെ വിശദാംശം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല).

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | ഉത്തരവ് നം. |
|---|---|---|---|---|---|
| ഇ.എം.എസ് | 10524000 | 1450164 | 1052400 | 397764 | |

| | | | | | |
|---|---|---|---|---|---|
| | | | | | സ.ഉ(സാധാ നം.1030/2010/ തസ്വഭവ 25.03.2010 |
| KURDFC | 5814687 | - | - | 5814687 | ജി.ഒ(ആർ.ടി) 68/2018/lsgd – 18.05.2018 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79671779 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77062595 |
| വരവിനങ്ങളിലുള്ള നഷ്ടം | 15408 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1183920 |

**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-1 | 4608 | | ശ്രീമതി സജീന ബീവി.ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 2-2 | 10800 | | |
| 3-1 | | 5000 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| | | 30800 | ശ്രീ.ജി.എൻ.ഹരികുമാർ, സെക്രട്ടറി |
| 3-2 | | 993 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| | | 2211 | ശ്രീ.ജി.എൻ.ഹരികുമാർ, സെക്രട്ടറി |
| 3-3 | | 1500 | ശ്രീമതി സജീന ബീവി.ജെ, അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | **15400** | **40504/-** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 276450 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| 1-26 | 174720 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| | 301050 | ശ്രീ.എം.എൻ.ഹരികുമാർ, സെക്രട്ടറി |
| 1-31 | 297000 | ശ്രീമതി.രാധിക.എസ്.ആർ, വി.ഇ.ഒ |
| 1-35 | 15000 | ശ്രീമതി.ലാൻസി റാണിഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-37 | 1,19,700 | ശ്രീമതി.ഗീത ആർ, ഹെഡ്മാസ്റ്റർ |
| **ആകെ** | **11,83,920/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ</u>**

**<u>നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി | സെക്രട്ടറി | നല്ലിക്കുഴി തടത്തരികം, പരുത്തിക്കുഴി, ഉഴമലയ്ക്കൽ.പി.ഒ |
| 2 | ശ്രീ.ജി.എൻ.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി | രശ്മി, ടി.സി.7/1788, ശ്രീചിത്രാനഗർ, ബി-14, പാങ്ങോട്, തിരുവനന്തപുരം |
| 3 | ശ്രീമതി.സജീനബീവി.ജെ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | ഷഹന കോട്ടേജ് സി.പി.റ്റി ജംഗ്ഷൻ നെട്ടയം |
| 4 | ശ്രീമതി.രാധിക.എസ്.ആർ | വി.ഇ.ഒ | രാധിക ഭവൻ പള്ളിമുക്ക്, പേയാട് |
| 5 | ശ്രീമതി.ലാൻസി റാണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | എസ്.എൽ ഭവൻ പ്ലാവൂർ,ആമച്ചൽ.പി.ഒ |
| 6 | ശ്രീമതി.ഗീത ആർ | ഹെഡ്മാസ്റ്റർ | സൗപർണിക, ടി.സി.18/54(1), അഴപ്പുറം ലൈൻ, തിരുമല പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | KSA.TVM.GP.2/956/2018, 11.06.2018 | 13 | |
| 1998-99 | KSA.TVM.GP.2/956/2018, 11.06.2018 | 2 | |
| 1999-2000 | KSA.TVM.GP.2/956/2018, 11.06.2018 | 28 | |
| 2000-01 | KSA.TVM.GP.2/956/2018, 11.06.2018 | 12 | |
| 2001-02 | KSA.TVM.GP.2/956/2018, 11.06.2018 | 5 | |
| 2002-03 | KSA.TVM.GP.2/956/2018, 11.06.2018 | 3 | |
| 2003-04 | KSA.TVM.GP.2/956/2018, 11.06.2018 | 15 | |
| 2004-05 | KSA.TVM.GP.2/956/2018, 11.06.2018 | 10 | |
| 2007-08 | KSA.TVM.GP.2/956/2018, 11.06.2018 | 7 | |
| 2008-09 | KSA.TVM.GP.2/956/2018, 11.06.2018 | 5 | |
| 2009-10 | KSA.TVM.GP.2/956/2018, 11.06.2018 | 5 | |
| 2010-11 | LFTD.GP.2/355/2013, 04.07.2013 | 4 | |
| 2011-12 | LFTD.GP.2/1787/2013, 18.12.2013 | 7 | |
| 2012-13 | LFTD.GP.2/2456/2014, 16.01.2015 | 5 | |
| 2013-14 | LFTD.GP.2/56/2015, 16.01.2016 | 8 | |
| 2014-15 | LFTD.GP.2/1362/2016, 01.08.2016 | 20 | |
| 2015-16 | KSA.TVM.GP.2/1919/2016, 24.11.2017 | 6 | |
| 2016-17 | KSA.TVM.GP.2/1478/2017, 03.08.2017 | 5 | |
| 2017-18 | KSA.TVM.GP.2/165/2019 | 23 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**